## ലൂക്കാ 4, 16–22 ആത്മാഭിഷേകമുള്ളവരുടെ ദൗത്യങ്ങൾ

**1. ഈശോയുടെ പതിവുകൾ (4, 16)**

ആത്മാവിന്റെ അഭിഷേകമുള്ളവരായി നാം മാറണമെങ്കിൽ ഈശോക്കുായിരുന്ന ചില പതിവുകൾ നമ്മുടെയും ജീവിതത്തിലുാവണം.

**1. വചനം വായിക്കുന്ന പതിവ്**

ലൂക്കാ 4, 16 പറയുന്നു പതിവുപോലെ സിനഗോഗിൽ പ്രവേശിച്ച് വായിക്കുവാൻ അവൻ എഴുന്നേറ്റുനിന്നു. സിനഗോഗുകളിലും ജറുസലെം ദൈവാലയത്തിലും വചവമ വായിക്കുകയും വചനം വ്യാഖ്യാനിച്ചുകൊടുക്കുകയും ചെയ്യുന്ന ക്രിസ്തുവിനെ നാം പലപ്രാവശ്യം കുമുട്ടുന്നു്. വചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നവർക്കാണ് ആത്മാവിന്റെ അഭിഷേകമുാകുന്നത്. പരിശുദ്ധ അമ്മയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നതും അതുതന്നെയാണ്. ക്രിസ്തു പിശാചിനെ പുറത്താക്കുന്നതും, രോഗികൾക്ക് സൗഖ്യം നൽകുന്നതുമെല്ലാം വചനം ഉപയോഗിച്ചുകൊാണ്. വചനം വായിക്കുകയും ധ്യാനിക്കുയും ചെയ്യുന്ന പതിവ് കുടുംബ ജീവിതത്തിൽ ഉാവണം. അത്തരക്കാരുടെ ജീവിതത്തിലാണ് ആത്മാവിന്റെ നിറവും അഭിഷേകവുമുാകുക.

**2. പള്ളിയിൽ പോകുന്ന പതിവ്**

ലൂക്കാ 2, 42 പറയുന്നു പതിവനുസരിച്ച് അവർ തിരുന്നാളിന് പോയി. ഈശോയും അവന്റെ മാതാപിതാക്കളും ദൈവാല കേന്ദ്രീകൃത ജീവിതം നയിച്ചവരാണ്. നമ്മുടെ ജീവിതം ദൈവാലയ കേന്ദ്രീകൃജീവിതങ്ങളാകണം. ക്രൈസ്തവരുടെ ജീവിതം തുടങ്ങുന്നതും അവസാനിക്കുന്നതും ദൈവാലയത്തിലാണ്. പലപ്പോഴും നമ്മുടെ ജീവിതം രടുപ്പിലും (മാമ്മോദീസ, മരണം) ഒരു നടപ്പിലും (വിവാഹം) അവസാനിക്കുന്നു. ഏറ്റവുംകൂടിലയാൽ കടമുള്ള ദിവസങ്ങളിലും. ഇതല്ല ക്രൈസ്തവന്റെ ജീവിതമെന്നുപറയുന്നത്. എന്തിനും ഏതിനും ദൈവാലയത്തിൽ അഭയം തേടുവാൻ നമ്മുക്കാവട്ടെ. നിന്നെക്കാത്തിരിക്കുന്ന ക്രിസ്തുവുവിടെ എന്ന് തിരിച്ചറിയുക.

**3. പ്രാർത്ഥിക്കുന്ന പതിവുകൾ**

പതിവുപോലെ പ്രാർത്ഥിക്കുവാൻ പോകുന്ന യേശുവിനെ നാം പലപ്പോഴും സുവിശേഷങ്ങളിൽ കാണുന്നു്. ഇന്നത്തെ തലമുറക്ക് കൈമോശം വന്നുപോകുന്ന ഏറ്റവും വലിയ പുണ്യമാണ് പ്രാർത്ഥനയെന്നു പറയുന്നത്. പ്രഭാതത്തിന്റെ താക്കോലും പ്രദോഷത്തിന്റെ ഓടാമ്പലുമാണ് പ്രാർത്ഥനയെന്ന് ഗാന്ധിജി പറയുന്നു്. ഏറ്റവും കുറഞ്ഞത് രാവിലെയും വൈകുന്നേരവുമെങ്കിലും പ്രാർത്ഥിക്കുവാൻ നമ്മുക്കാവട്ടെ. അപ്പോൾ നിന്റെ ദിവസം മുഴുവൻ ദൈവാനുഗ്രഹപ്രതമായിരിക്കും. ഒരുദിവസത്തിൽ ഒരിക്കലെങ്കിലും പ്രാർത്ഥിക്കാത്തവൻ ഈശ്വരവിശ്വാസിയല്ല അവനിൽ അഭിഷേകവുമില്ല.

**2. ആത്മാഭിഷേകമുള്ളവരുടെ ദൗത്യങ്ങൾ (4, 18–19)**

**1. ദരിദ്രരെ സുവിശേഷമറിയിക്കുക:** വചനം വായിക്കുന്നവനാണ് സുവിശേഷം പ്രാഖ്യാപിക്കുവാൻ സാധിക്കുക

**2. ബന്ധിതർക്കു മോചനം നൽകുക:** ക്രിസ്തുവിൽ സ്വാതന്ത്ര്യം കത്തെിയവനാണ് ബന്ധിതർക്ക് മോചനം നൽകാൻ സാധിക്കുക.

**3. അന്ധർക്കു കാഴ്ച നൽകുക:** പ്രാർത്ഥനയിൽ പ്രകാശമായ ക്രിസ്തുവിനെ കത്തെുന്നവർക്കാണ് മറ്റുള്ളവർക്ക് പ്രകാശം നൽകാൻ സാധിക്കുക

**4. അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം:** പാപത്തിന്റെ അടിമത്വമില്ലാത്തവർക്കാണ് പിശാചിന്റെയും പാപത്തിന്റെയും അടിമച്ചങ്ങല നീക്കുവാൻ സാധിക്കുന്നത്.

**5. കർത്താവിന് സ്വീകര്യമായ വത്സരം പ്രഖ്യാപിക്കുക:** ഇത്തരത്തില് ജീവിക്കുന്നവരാണ് ദൈവരാജ്യം പ്രഖ്യാപിക്കുക.

**ഫാ. ജോസഫ് കോയിക്കൽ**